സമഗ്ര വികസനത്തിനായി വിവിധ മേഖലകളിലായി (കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, വിദ്യാഭ്യാസം, തൊഴിലും സ്ത്രീ ശാക്തീകരണവും പ്രാദേശിക വിജ്ഞാന കേന്ദ്രങ്ങളുടെ നിർമ്മാണം, അറവുശാല നവീകരണം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ളം) പദ്ധതികൾ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു.

(സി) 2481 ലക്ഷം രൂപയുടെ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

(ഡി) കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികളിൽ 10 ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള 180 ലക്ഷം (85:15 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി, ജില്ലയിലെ 23 സ്കൂളുകളിലായി 38 ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ലബോറട്ടറികൾ സ്ഥാപിക്കുന്നതിനുമായുള്ള 349.98 ലക്ഷം (65:35 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി, ജില്ലയിലെ ന്യൂനപക്ഷ ആധിക്യമുള്ള മൂന്നു വില്ലേജുകളിൽ കുടിവെള്ളത്തിനുള്ള 1380 ലക്ഷം (75:25 കേന്ദ്ര സംസ്ഥാന വിഹിതം) രൂപയുടെ പദ്ധതി എന്നീ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഈ പദ്ധതികൾക്ക് യഥാക്രമം 76.50 ലക്ഷം രൂപയും 113.74 ലക്ഷം രൂപയും 517.5 ലക്ഷം രൂപയും ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. കൂടാതെ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിനുള്ള ലബോറട്ടറി സൗകര്യങ്ങൾക്കുള്ള 75 ലക്ഷം (മുഴുവൻ തുകയും കേന്ദ്ര വിഹിതം) രൂപയുടെ പദ്ധതിക്ക് തത്ത്വത്തിൽ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(ഇ) നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ്

27 (*207) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഗ്രാമ പഞ്ചായത്തുകൾക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തായിരുന്നു എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടി പുനഃപരിശോധിക്കണമെന്ന നിർദ്ദേശം പരിഗണിക്കുകയുണ്ടായോ ; എങ്കിൽ പ്രസ്തുത ഉത്തരവ് പിൻവലിച്ചുവോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വീട് നിർമ്മിക്കാനുള്ള കെട്ടിട നിർമ്മാണ ലൈസൻസ് ലഭ്യമാക്കുന്നതിലെ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് എന്നറിയിക്കുമോ ;

(ഇ) ഇതിനായി അദാലത്തുകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) 6-6-2007-ലെ ജി.ഒ. (എംഎസ്.) നമ്പർ 150/2007/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും 1999-ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അനിയന്ത്രിതവും ആസൂത്രിതമല്ലാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾമൂലം സംസ്ഥാനത്തിന്റെയും ഗ്രാമപഞ്ചായത്തുകളുടെയും ഭാവി വികസനത്തെ ദോഷകരമായി ബാധിക്കുമെന്നുള്ളതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മതിയായ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുവേണ്ടി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബാധകമാക്കി 6-6-2007-ൽ ഉത്തരവായത്.

(സി) പ്രസ്തുത ഉത്തരവ് പിൻവലിച്ചുകൊണ്ട് പഞ്ചായത്തുകൾക്ക് മാത്രമായി 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. പലപ്പോഴും ഈ സമയപരിധി പാലിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കാലതാമസം ഒഴിവാക്കി നിശ്ചിത സമയ പരിധിക്കുള്ളിൽ കുറ്റമറ്റരീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേക്കായി 27-6-2010-ലെ 36587/ആർ.എ1/2009/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം നഗരസഭകൾക്കും 23-12-2010-ലെ 36587 (1)/ആർ.എ1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ഓരോ ഉദ്യോഗസ്ഥനും അപേക്ഷ പരിശോധിച്ച് തീരുമാനം എടുക്കുന്നതിനുള്ള സമയ പരിധി നിശ്ചയിച്ചുകൊണ്ട് 15-9-2010-ലെ 71395/ആർ.എ.2/2009/ത.സ്വ.ഭ.വ. നമ്പരാക്കി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം, അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകംതന്നെ ഓൺലൈൻ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 150 ച.മീറ്റർ വരെ പ്ളിന്ത് ഏരിയായുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് അപേക്ഷ സ്ക്രൂട്ടിനി ചെയ്യുന്ന ദിവസംതന്നെ നിയമാനുസൃതമെന്ന് കണ്ടാൽ പെർമിറ്റ് നിൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടനിലക്കാർമൂലമുള്ള അഴിമതി തടയുന്നതിന് കെട്ടിട നിർമ്മാണാനുമതി, ഒക്കുപെൻസി സർട്ടിഫിക്കറ്റ് എന്നിവ തപാൽ മുഖേന അപേക്ഷകർക്ക് അയച്ചുകൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്നതിൽ കാലതാമസം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിപുലമായ പ്രചാരണം നടത്തി 2011 ജനുവരി 31 മുതൽ ഫെബ്രുവരി 5-ാം തീയതി വരെ ജില്ലാ തലത്തിൽ ജില്ലാ ടൗൺ പ്ളാനർമാരുടെയും പഞ്ചായത്തുതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും നേതൃത്വത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും നിയമാനുസൃത നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണ വ്യവസ്ഥകളിൽ മാറ്റങ്ങൾ വരുത്തണമെന്ന നിർദ്ദേശം

28 (*208) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കെട്ടിട നിർമ്മാണ വ്യവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്ന നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ബി) ഗ്രാമപ്രദേശങ്ങൾക്ക് പ്രത്യേകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഏർപ്പെടുത്തുന്നതിനായി പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിലെ കാലതാമസവും അഴിമതിയും ഇല്ലാതാക്കുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നതിന് ഗ്രാമപ്രദേശങ്ങളിലേയും നഗരപ്രദേശങ്ങളിലേയും അപേക്ഷ തീർപ്പാക്കുന്നതിന് വ്യക്തമായ സമയക്രമീകരണം നടത്താൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ&ബി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ തന്നെയാണ് ഗ്രാമപ്രദേശങ്ങളിലും ബാധകമായിരുന്നത്. പഞ്ചായത്തുകൾക്ക് മാത്രമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കാനായി 2011-ലെ കേരള

LIBRARY ARCHIVES Kerala Legislative Assembly